national book festival 2018

കേരള സാഹിത്യ അക്കാദമി
തൃശൂർ
02.02.2018

പത്രക്കുറിപ്പ് 2

# ഭരണഘടന സംരക്ഷിക്കാൻ ജനങ്ങൾക്ക് മാത്രമേ കഴിയൂ
# ജസ്റ്റിസ് വി.കെ.മോഹനൻ

തൃശൂർ : ജനങ്ങൾ നൈതികജാഗ്രതയോടെ മുന്നിട്ടിറങ്ങിയാൽ മാത്രമേ ഭരണഘടനയെ സംരക്ഷിക്കുവാൻ കഴിയുകയുള്ളൂവെന്ന് ജസ്റ്റിസ് വി.കെ.മോഹനൻ അഭിപ്രായപ്പെട്ടു. എല്ലാ ജനങ്ങൾക്കും തുല്യനീതി ഉറപ്പുനൽകുന്ന ഇന്ത്യൻ ഭരണഘടനയെ ദുർബലപ്പെടുത്താനും അട്ടിമറിക്കാനുമുള്ള വിവിധ തലങ്ങളിൽ നിന്നുള്ള നീക്കങ്ങൾക്ക് തടയിടാൻ ജനങ്ങൾക്ക് മാത്രമേ കഴിയൂ. കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് നടത്തിയ ഭരണഘടനാസംരക്ഷണസദസ്സ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നീതിന്യായസംവിധാനം ദുർബലപ്പെടുന്നതോടെ ജനാധിപത്യംതന്നെ അപകടത്തിലാവുന്നു. രാഷ്ട്രത്തിന്റെ ഭദ്രതയും ജനങ്ങളുടെ ആത്മവിശ്വാസവും സംരക്ഷിക്കുന്നതിന് ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ടെന്നും മോഹനൻ പറഞ്ഞു.

കേരള സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ അധ്യക്ഷത വഹിച്ചു. ജീവിതാവസ്ഥയുടെ ആഖ്യാനമായ എഴുത്തിനെക്കൂടി ബാധിക്കുന്നതാണ് ഭരണഘടനാമൂല്യങ്ങൾക്കെതിരെ ഈയിടെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പ്രതിലോമപരമായ നീക്കങ്ങളെന്ന് അദ്ദേഹം പറഞ്ഞു.

നാം എന്ത് കഴിക്കണം, എന്ത് കഴിക്കരുത്, എന്ത് ചിന്തിക്കണം, എന്ത് ചിന്തിക്കരുത്, എന്ത് പറയണം, എന്ത് പറയരുത് എന്നെല്ലാം തീരുമാനിക്കാനുള്ള അവകാശം ചിലർ കുത്തകയായി ഏറ്റെടുക്കുന്ന വർത്തമാനകാലസാഹചര്യം ജനാധിപത്യത്തിന് വലിയ ഭീഷണിയാണെന്ന് അഡ്വ.ശിവൻ മഠത്തിൽ പറഞ്ഞു. അധികാരകേന്ദ്രങ്ങളുടെ നിക്ഷിപ്തതാൽപര്യങ്ങളിൽനിന്നും ഭരണഘടനയെ സംരക്ഷിക്കുവാൻ കക്ഷിരാഷ്ട്രീയത്തിന് അതീതമായി ജനാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്നവർക്കെല്ലാം വലിയ ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അഡ്വ.പി.എം.ആതിര, അഡ്വ.വി.എൻ.ഹരിദാസ്, സാഹിത്യ അക്കാദമിയംഗം ടി.പി.വേണുഗോപാലൻ, എൻ.വി.വൈശാഖൻ എന്നിവരും സംസാരിച്ചു.

വൈകീട്ട് നടന്ന ജി.ശങ്കരക്കുറുപ്പ് അനുസ്മരണത്തിൽ ഡോ.പി.വി.പ്രകാശ്ബാബു പ്രഭാഷണം നടത്തി. ഭാരതീയമായ ദാർശനികഗരിമയിലേക്ക് മലയാളകവിതയെ ഉയർത്തിയ പ്രതിഭാശാലിയാണ് ജി.ശങ്കരക്കുറുപ്പ്. പാരമ്പര്യത്തെ നവീകരിക്കുകയും കവിതയെ ആധുനികതയിലേക്ക് സംക്രമിപ്പിക്കുകയും ചെയ്ത ജി ഒരു പുതുയുഗസൃഷ്ടാവായി മലയാളത്തിൽ ഓർമിക്കപ്പെടും. ജിയുടെ കവിത പ്രാപഞ്ചികമായ ലാവണ്യാനുഭവങ്ങളെ തേടിപ്പോവുകയും അനുഭൂതിസാന്ദ്രതയോടെ ആവിഷ്കരിക്കുകയും ചെയ്തുവെന്ന് അദ്ദേഹം പറഞ്ഞു. ശിവരാമൻ ചെറിയനാട് അധ്യക്ഷത വഹിച്ചു.

തുടർന്ന് യാസിർ കുരിക്കളും സംഘവും അവതരിപ്പിച്ച കോൽക്കളിയും വട്ടപ്പാട്ടും (മുട്ടിപ്പാട്ട്) അരങ്ങേറി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

ഫോട്ടോ അടിക്കുറിപ്പ് : കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവവേദിയിൽ ഭരണഘടനാസംരക്ഷണസദസ്സ് ജസ്റ്റിസ് വി.കെ.മോഹനൻ ഉദ്ഘാടനം ചെയ്യുന്നു.